# മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**തൃശ്ശൂർ ജില്ല**
**മുല്ലശ്ശേരി ബ്ലോക്ക്**
**എളവള്ളി ഗ്രാമപഞ്ചായത്ത്**
**പത്താം വാർഡ്**

## മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമം
## സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളം (MGNSASK )

**2018-19**

## ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി 2005 സെപ്റ്റംബർ അഞ്ചാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ കായിക തൊഴിലിൽഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻറെ ലക്ഷ്യമാണ്.

### സവിശേഷതകൾ

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിതപദ്ധതി
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത
- കരാറുകാരെ ഇടനിലക്കാരോ ഇല്ല
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്
- ബാങ്ക്, പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം
- സ്ത്രീകൾക്ക് മുൻഗണന
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നടപ്പിക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിദേയമാക്കണമെന്ന് 17 (2 ) -)ം വകുപ്പ് നിഷ്കർഷിക്കുന്നു .പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചിലവഴിക്കുന്നതിനെപ്പറ്റിയും പൗരസമൂസഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയുമാണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക പരിശോധന.തൊഴിലുറപ്പ് നിയമ പ്രകാരം വർഷത്തിൽ 2 പ്രാവിശ്യം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡുകളിലും കൃത്യമായി നടത്തേണ്ടതാണ്.സോഷ്യൽ ഓഡിറ്റിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സത്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു.പദ്ധതി പണം ശെരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ടോ എന്നും ഈ പണം ചിലവഴിച്ചതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നും പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും അതുമൂലം കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ടോ എന്നും സോഷ്യൽ ഓഡിറ്റ് പ്രക്രിയക്ക് കണ്ടെത്താൻ കഴിയുന്നു.

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

മുല്ലശ്ശേരി ബ്ലോക്കിലെ എളവള്ളി പഞ്ചായത്തിലെ വാർഡ് 10 ൽ ഒക്ടോബർ 1, 2018 മുതൽമാർച്ച് 31, 2019 വരെയുള്ള കാലഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളാണ് ഓഡിറ്റിന് വിധേയമാക്കിയത് സോഷ്യൽ ഓഡിറ്റ് റിസോഴ്സ് സംഘം പ്രവർത്തി ഫയൽ പരിശോധന, ഫീൽഡ് സന്ദർശനം, തൊഴിലാളികളും ആയുള്ള അഭിമുഖം, എം ഐ എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

## തൊഴിലാളികളുടെ അവകാശങ്ങൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയുന്നത് എന്തൊക്കെ എന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കണം എന്ന് ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപെടുത്തുന്നതിനു വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ് തൊഴിലാളികൾക്ക് 10 അവകാശങ്ങൾ പ്രദാനം ചെയുന്നത്.അവ എന്തൊക്കെ എന്ന് ചുവടെ ചേർക്കുന്നു.

**1.തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അവകാശം (Schedule 2 Para 1 )**

തൊഴിലുറപ്പു നിയമം (ഷെഡ്യൂൾ 2 പാര 1) അനുസരിച് 18 വയസ്സ് പൂർത്തിയായ ഏതൊരാളും തൊഴിൽ കാർഡിന് അപേക്ഷിച്ചാൽ 15 ദിവസത്തിനുള്ളിൽ ഫോട്ടോ പതിച്ച തൊഴിൽ കാർഡ് സർക്കാർ ചെലവിൽ ലഭിക്കാനുള്ള അവകാശമാണ് നിയമം നൽകുന്നത്. വാർഡിൽ ആകെ 218 തൊഴിൽ കാർഡുകൾ ആണ് ഉള്ളത്. ഇതിൽ 22 പേരാണ് നിലവിൽ തൊഴിൽ ചെയ്യുന്നതിനായി വരുന്നത്.

തൊഴിൽ കാർഡിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചാൽ ഉചിതമായ അന്വേഷണം നടത്തി 15 ദിവസത്തിനകം കാർഡ് നല്കേണ്ടതാണ്. തൊഴിൽ കാർഡ് കൈവശം സൂകിഷിക്കേണ്ടത് തൊഴിലാളിയാണ്. ഏതെങ്കിലും കാര്യങ്ങൾ എഴുതി ചേർക്കുന്നതിനായി പഞ്ചായത്തിൽ ഏല്പിച്ചിച്ചാൽ എത്രയും വേഗം തിരിച്ചു നൽകേണ്ടതാണ്. വ്യക്തമായ കാരണം കൂടാതെ തൊഴിൽ കാർഡ് പഞ്ചായത്തിൽ സൂക്ഷിക്കയാണെങ്കിൽ സെക്ഷൻ 25 പ്രകാരം ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. demand, work allocation, ചെയ്ത പ്രവൃത്തി, ഹാജർ, മസ്റ്റർ റോൾ നമ്പർ, വേതന സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ തൊഴിൽ കാർഡിൽ ഉണ്ടാവേണ്ടതാണ്. തൊഴിൽ കാർഡ് എടുക്കുന്നതിനുള്ള ചെലവ് ഫോട്ടോ ഉൾപ്പെടെ 6 % അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിൽ ണ് ഇന്നും എടുക്കേണ്ടതാണ്. പഞ്ചായത്തിൽ നിന്നും സ്ഥിരമായി താമസം മാറി പോവുകയോ, മരണപ്പെടുകയോ, ഹാജരാകിയ രേഖകൾ കൃത്രിമമാണെന്നു തെളിയുകയോ ചെയ്താൽ മാത്രമേ തൊഴിൽ കാർഡ് ക്യാൻസൽ/ ഡിലീറ്റ് ചെയ്യാൻ പാടുള്ളു.

**.2. തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽ ലഭിക്കാനുള്ള അവകാശം. (Schedule 1 Para 11 )**

തൊഴിൽ ദിനങ്ങൾ ആവശ്യപ്പെടുവാനും തീയതി വച്ച രസീത് കൈപ്പറ്റുവാനും 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ഉള്ള അവകാശം നിയമം അനുശാസിക്കുന്നു. തൊഴിൽ കാർഡിൽ പേരുള്ള ഏതൊരു അംഗത്തിനും അവിദഗ്ദ കായിക തൊഴിലിയൂനായി ആവശ്യപ്പെടാവുന്നതാണ്.. ഇത്തരം അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതും തീയതി വച്ച രസീതി നൽകേണ്ടതുമാണ്. തീയതി വച്ചുള്ള രസീതി തൊഴിലാളികൾക്കു നൽകുന്നതിനുള്ള ഏർപ്പാട് ചെയ്യുന്നില്ല എങ്കിൽ തൊഴിലുറപ്പു നിയമത്തിലെ സെക്ഷൻ 25 അനുസരിച്ചുള്ള ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

ഈ വാർഡിലെ തൊഴിലാളികൾ മേറ്റ് മുഖേനയും തൊഴിലാളികൾ ഗ്രൂപ്പുകൾ ആയും തൊഴിൽ ആവശ്യപെടുന്നുണ്ട്.എന്നാൽ ഡിമാൻഡ് ഫോം ഫ്രണ്ട് ഓഫീസിൽ കൊടുക്കുകയും രസീതി കൈപ്പറ്റുകയും ചെയ്യാറില്ല..അതിനാൽ തന്നെ 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുന്നുണ്ടോ എന്ന് തെളിവ് സഹിതം വ്യക്തമാക്കുവാൻ സാധ്യമല്ല..

**3 തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം. (Section 7(1) )**

തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ ആദ്യത്തെ മുപ്പത് ദിവസം വേതനത്തിന് നാലിലൊന്നും തുടർന്ന് 100 ദിവസം വരെ വേതനത്തിന് പകുതി യും ലഭിക്കൻ അവകാശമുണ്ട്.

വാർഡിലെ തൊഴിലാളികൾ ആരുംതന്നെ തൊഴിലില്ലായ്മ വേതനത്തിനു അപേക്ഷിച്ചതായി അറിയാൻ കഴിഞ്ഞില്ല .

**4. പ്രവർത്തികൾ കണ്ടെത്തി നൽകാനുള്ള അവകാശം . (Schedule 1 Para 9 )**

ഓരോ തൊഴിലാളിക്കും തൊഴിലുറപ്പ് പദ്ധതി പ്രകാരം തങ്ങളുടെ വാർഡിൽ ഏറ്റെടുത്തു നടപ്പിലാക്കേണ്ട പ്രവർത്തികൾ (നാല് വിഭാഗങ്ങളിലായി 260 എണ്ണം - അനുബന്ധം കാണുക) കണ്ടെത്തി നൽകുവാനുള്ള

അവകാശം. സെക്ഷൻ 16 (1) പ്രകാരം ഗ്രാമസഭ / വാർഡ് സഭ യിൽ വരുന്ന നിർദ്ദേശങ്ങളും ഉൾപ്പെടുത്തി കൊണ്ടുള്ള സെല്ഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാക്കേണ്ട ഉത്തരവാദിത്തം ഗ്രമ പഞ്ചായത്തിനാണ്..

**5.അഞ്ചു കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം(Schedule 2 Para 18 )**

തൊഴിലാളിയുടെ താമസസ്ഥലത്തു നിന്ന് അഞ്ച് കിലോമീറ്റർ ചുറ്റളവിലല്ല തൊഴിൽ ലഭിക്കുന്നതെങ്കിൽ വേതനത്തിന്റെ 10 ശതമാനം കൂടി അധികവേതനം ലഭിക്കുന്നതിനുള്ള അവകാശം. **(Schedule 2 Para 20 )**

**6.പണി സ്ഥലത്തെ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള അവകാശം(Schedule 2 Para 23 )**

പട്ടിക 2 ഭാഗം 23 പ്രകാരം പ്രവർത്തി സഥലത്തു കുടിവെള്ളം, തണൽ , അടിയന്തിര ചികിത്സക്കുതകുന്ന പ്രഥമശുശ്രൂഷ കിറ്റുകൾ , 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആയയുടെ സൗകര്യം എന്നിങ്ങനെ നിയമം അനുശാസിക്കുന്നു. തൊഴിൽസ്ഥലത്ത് ശുദ്ധമായ കുടിവെള്ളം, ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവക്കുള്ള അവകാശം. കൂടാതെ തൊഴിൽ സ്ഥലത്ത് ഉണ്ടാകുന്ന അപകടത്തിൻറെ ചികിത്സാചിലവും ലഭിക്കുന്നതിനുള്ള അവകാശം.

തൊഴിലാളികൾക്ക് ആവശ്യമായ കുടിവെള്ളം തൊഴിലാളികൾ തന്നെ കൊണ്ടുവരികയാണ് ചെയുന്നത്. തണൽ സൗകര്യത്തിനായുള്ള ടാർപോളിൻ തൊഴിലാളികൾക്ക് നിലവിൽ ഇല്ല എന്ന് അറിയാൻ കഴിഞ്ഞു. പ്രഥമ ശുശ്രൂഷ കിറ്റുകൾ മുൻപ് PHC യിൽ നിന്നും ലഭിച്ചിരുന്നു എന്നും എന്നാൽ നിലവിൽ ഇല്ല എന്നും തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞു.

**7.കൂലി ലഭിക്കാനും 15 ദിവസത്തിനുള്ളിൽ തന്നെ അത് ലഭിക്കാനുള്ള അവകാശം(Schedule 2 Para 29 )**

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി 15 ദിവസത്തിനുള്ളിൽ ലഭിക്കുവാൻ ഉള്ള അവകാശം. വേതനം 15 ദിവസത്തിനുള്ളിൽ ലഭിക്കുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായി. നിയമം അനുസരിച്ചു 15 ദിവസത്തിനുള്ളിൽ കൂലി ലഭിച്ചില്ല എങ്കിൽ വേതനത്തിന്റെ 0.05% നഷ്ടപരിഹാരത്തിനു അർഹതയുണ്ട്.

കൂലി മാസങ്ങളോളം വൈകുന്നതായി കണ്ടെത്തി.

**8.വേതന വിതരണത്തിലെ കാലതാമസത്തിനു നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.**

അവസാന പ്രവൃത്തി ദിവസത്തിന്റെ പതിനഞ്ചാം ദിവസത്തിനുള്ളിൽ വേതനം ലഭിച്ചില്ലെങ്കിൽ വേദനത്തിൻറെ 0.05 ശതമാനം അധിക വേതനം ലഭിക്കുന്നത്തിനുള്ള അവകാശം.

പട്ടിക 2 പാര 29 അനുസൃതമായി പതിനഞ്ചു ദിവസത്തിനകം തൊഴിൽ വേതനം ലഭ്യമായില്ലെങ്കിൽ വേതന താമസത്തിനു 0.05 ശതമാനം നിരക്കിൽ അധിക വേതനം ലഭ്യമാകേണ്ടതാണ്.

**9. സമയബന്ധിതമായ പ്രശ്നപരിഹാരത്തിനുള്ള അവകാശം**

സെക്ഷൻ 19 അനുസരിച്ച് അഞ്ചുദിവസത്തിനകം പരാതി പരിഹരിക്കുകയും ഏഴുദിവസത്തിനുള്ളിൽ പരാതിക്കാരന് അത് അറിയിക്കുവാനും ഉള്ള അവകാശം.

പരാതി രജിസ്റ്റർ, ടോൾ ഫ്രീ നമ്പർ എന്നിവ വഴിയായി പരാതികൾ രേഖപ്പെടുത്താൻ അവസരം ഉണ്ട്.

**10.സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം. (Section 17)**

തുടർച്ചയായി സാമൂഹ്യ പരിശോധന നടത്തുവാനും അതിൽ പങ്കാളിയാകുന്നതിനുമുള്ള അവകാശം.

## ഫയൽ പരിശോധന

1. ജോബ് കാർഡ് രജിസ്റ്റർ
2. **ഗ്രാമസഭ** രജിസ്റ്റർ
3. ഡിമാൻഡ് / അലോക്കേഷൻ & വേതന രജിസ്റ്റർ
4. വർക്ക് രജിസ്റ്റർ
5. ഫിക്സഡ് അസറ്റ് രജിസ്റ്റർ
6. പരാതിരജിസ്റ്റർ
7. മെറ്റീരിയൽ രജിസ്റ്റർ

**പ്രവർത്തി ഫയലിലെ 22 രേഖകൾ**

കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം ഒരു പ്രവൃത്തിഫയലിൽ താഴെ പറയുന്ന 22 രേഖകൾ നിർബന്ധമായും ഉണ്ടാക്കേണ്ടതാണ്.

1) കവർ പേജ്
2) ചെക്ക് ലിസ്റ്റ്
3) ആക്ഷൻ പ്ലാൻ / ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി.
4) സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും
5) ഭരണാനുമതിയുടെയും സാമ്പത്തികാനുമതിയുടെയും കോപ്പി.
6) സാങ്കേതികാനുമതിയുടെ കോപ്പി.
7) കൺവെർജെൻസ് വിശധാംശങ്ങൾ
8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ.
9) തൊഴിൽ അനുവദിച്ചതുകൊണ്ടുള്ള നോട്ടീസിന്റെ കോപ്പി.
10) പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി.
11) മെഷർമെൻറ് ബുക്കിന്റെ കോപ്പി.
12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്യോട്ടേഷൻ ക്ഷണിച്ചതിൻറെയും കംപാരിറ്റിവ് സ്റ്റേറ്റ് മെന്റിന്റെയും മെറ്റീരിയൽ സപ്ലൈ ഓർഡറിന്റെയും കോപ്പി.
13) വേജ് ലിസ്റ്റ്
14) വേതനത്തിൻറെയും സാധനങ്ങൾക്ക് പണമടച്ചതിന്റേയും എഫ്.റ്റി.ഒ യുടെയും കോപ്പി.
15) മെറ്റീരിയൽ വൗച്ചറിൻറെയും ബിലുകളുടെയും കോപ്പി.
16) റോയൽറ്റി അടച്ചതിൻറെ രസീതിന്റെ കോപ്പി.
17) മൂന്ന് ഘട്ടങ്ങൾ ആയുള്ള തൊഴിലിൻറെ ഫോട്ടോ.
18) പൂർത്തീകരിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പി.
19) മസ്റ്റർ റോൾ മൂവ് മെൻറ് സ്ലിപ്.
20) ആസ്തിയുടെ ജിയോ ടാഗ് ഫോട്ടോസുകൾ.
21) സോഷ്യൽ ഓഡിറ്റിൻറെ കോപ്പി.
22) സൈറ്റ് ഡയറി.

**CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്**

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഉപാധിയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് Para 25(a), schedule 1 അനുസരിച്ച് ഒരു പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ അതായത് എസ്റ്റിമേറ്റ് തുക സാധന വേതന ഘടകങ്ങൾ യഥാർത്ഥ

ചെലവ് തൊഴിൽ ദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്താക്കൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടത് അനിവാര്യമാണ്.ഈ ബോർഡ് സ്ഥാപിക്കേണ്ടത് ഓരോ പ്രവർത്തിയുടെയും ആരംഭഘട്ടത്തിൽ ആണ്ഓരോ . ബോർഡുകൾ സിമൻറ്ഉം പ്രവർത്തിക്കും അനുസൃതമായി നിഷ്കർഷിച്ചിട്ടുള്ള അളവുകളിൽ ഉള്ള കോൺക്രീറ്റും ഉപയോഗിച്ച് നിർമ്മിച്ച് സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട് ഇരുമ്പ് . ,ടിൻ ,ഫ്ളക്സ്ഷീറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചിട്ടുള്ള ബോർഡുകൾ സ്ഥാപിക്കുന്നത് നിയമവിരുദ്ധമാണ് .

വ്യക്തിഗത പ്രവർത്തികൾക്ക് 3000 രൂപയും പൊതു പ്രവർത്തികൾക്ക് 5000 രൂപയും ആണ് പരമാവധി നിർമ്മാണ ചിലവ് എന്നാണ് ആനുവൽ മാസ്റ്റർ സർക്കുലർ നിഷ്കർഷിക്കുന്നത്. CIB അടങ്ങുന്ന ഒരു ഫോട്ടോ പ്രവൃത്തി ഫയലിൽ ഉൾപ്പെടുത്തണം എന്നത് നിർബന്ധമാണ്.

**റോസ്ഗാർദിനം**

തൊഴിൽ ആവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും തൊഴിലാളികളുടെ അർഹതകളും അവകാശങ്ങളും അവരെ ബോധ്യപ്പെടുത്തുന്നതിനും പദ്ധതികൾ പരിഹരിക്കുന്നതിനുമായി റോസ്ഗാർ ദിനം സംഘടിപ്പിക്കേണ്ടതാണ്. റോസ്ഗാർ ദിനം ആചരിക്കുന്നതിനു മുൻപായി വിവര വിദ്യാഭ്യാസ വ്യാപനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട് എന്ന് ജില്ലാ പ്രോഗ്രാം കോഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. റോസ്ഗാർ കലണ്ടർ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളെ പ്രത്യേകമായി ബോധവൽക്കരിക്കേണ്ടതാണ്.

റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നതിൻറെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംസ്ഥാന സർക്കാർ ജില്ലാ പ്രോഗ്രാം കോഡിനേറ്റർ രൂപീകരിച്ചിട്ടുള്ള പ്രതിമാസ പട്ടിക അനുസരിച്ച് തന്നെ റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നു എന്ന് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. ഈ പട്ടിക ഗ്രാമവികസന മന്ത്രാലയവുമായും പൊതുജനങ്ങളുമായും പങ്കുവെക്കേണ്ടതും ഒരു മാസത്തിലൊരിക്കൽ ഗ്രാമ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് നിയോഗിക്കപ്പെട്ട ഗ്രാമപഞ്ചായത്തിലെ ഭാരവാഹി ദിനാചരണത്തിൽ അധ്യക്ഷത വഹിക്കേണ്ടതാണ്. ഇത് നടത്തുന്നതിനും നടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സ്വയംസഹായ സംഘങ്ങളുടെ ഫെഡറേഷൻ അംഗങ്ങൾ എന്നിവർക്കാണ്. റോസ്ഗാർദിനം ആചരിക്കുന്നത്നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസം നടത്തുന്നതിനായി ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ട താണ്. ഈ യോഗത്തിൽ മിനിറ്റ്സ് പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനും സോഷ്യൽ ഓഡിറ്റിനും ലഭ്യമാക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ ദിനം സംഘടിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ശേഖരിക്കുന്നതാണ്. സംസ്ഥാന സർക്കാർ തൊഴിൽ ആവശ്യകത സംബന്ധിച്ച് ജില്ലാതല റിപ്പോർട്ടുകൾ പതിവായി അവലോകനം ചെയ്യേണ്ടതാണ്.

# പ്രവൃത്തികളുടെ പരിശോധനാ വിവരണം

ഓഡിറ്റ് കാലയളവിൽ നടത്തിയിട്ടുള്ള 6 പ്രവൃത്തികളാണ് പരിശോധനക്ക് വിദേയമാക്കിയിട്ടുള്ളത്

**1. പണ്ടാറക്കാട് പ്രദേശത്ത് സംഘകൃഷിക്ക് അനുയോജ്യമായ നിലമൊരുക്കൽ ഭാഗം 1 (1607010001/ LD / 325064 )**

17/ 11/ 2018 to 14 /12/ 2018

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 195417/- രൂപയും 695 തൊഴിൽദിനങ്ങളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് .
- മാസ്റ്റർറോൾ പ്രകാരം ചിലവഴിച്ചിരിക്കുന്നത് 120612/- രൂപയും 437 തൊഴിൽദിനങ്ങളുമാണ്.
- എം ബുക്ക് പ്രകാരം ചിലവഴിച്ചിരിക്കുന്നത് 118427/-രൂപയും 437 തൊഴിൽദിനങ്ങളുമാണ്.
- എം.ബുക്കിൽ പണിയായുധങ്ങളുടെ വാടക, മെമ്മോറാണ്ടം ബില്ല് എന്നിവ ഉണ്ടായിരുന്നില്ല.
- വേജ് ലിസ്റ്റ് ഉണ്ടായിരുന്നില്ല
- FTO ഉണ്ടായിരുന്നില്ല.
- ആകെ 22 ഇടങ്ങളിലായി തൊഴിലാളികൾ നിലം ഒരുക്കിയതായി കാണാൻ സാധിച്ചു.
- നിലമൊരുക്കിയതിൽ ഭൂരിഭാഗവും വെള്ളപ്പൊക്കത്തിൽ നശിച്ചതായി സ്ഥലഉടമയിൽ നിന്നും മാറ്റിൽ നിന്നും അറിയാൻ സാധിച്ചു.
- നിലമൊരുക്കിയ കൃഷിയിടങ്ങളിൽ നിന്നും വിളവ് ലഭിച്ചു എന്ന് തൊഴിലാളികളിൽ നിന്നും അറിയാൻ സാധിച്ചു.
- കൃഷി സ്ഥലങ്ങൾ പുല്ലു പിടിച്ചു കിടക്കുന്നതായും കൃഷി ചെയ്യതിൻറെ അംശം മാത്രമാണ് കാണാൻ സാധിച്ചത്.
- CIB കാണാനായി സാധിച്ചില്ല.

**2. കപ്പാറത്തോട് പുനരുദ്ധാരണം ,സംരക്ഷണം ( 1607010001/WH / 287428 )**

30/ 10/ 2018 to 16 / 10/ 2018

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 75246/- രൂപയും 251 തൊഴിൽദിനങ്ങളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് .
- മാസ്റ്റർറോൾ പ്രകാരം ചിലവഴിച്ചിരിക്കുന്നത് 69281 /- രൂപയും 251 തൊഴിൽദിനങ്ങളുമാണ്.
- എം ബുക്ക് പ്രകാരം ചിലവഴിച്ചിരിക്കുന്നത് 68421 /-രൂപയും 251 തൊഴിൽദിനങ്ങളുമാണ്.

- എം ബുക്കിൽ 1 st പാർട്ടിന് (MR .NO 1042 ) മെമ്മോറാണ്ടം ബില്ല് ഉണ്ടായിരുന്നു . എന്നാൽ 2 nd പാർട്ടിന്(MR NO -1132 ) മെമ്മോറാണ്ടം ഉണ്ടായിരുന്നില്ല .
- എം ബുക്കിൽ 2nd പാർട്ടിൽ പണിയായുധങ്ങളുടെ വാടക രേഖപ്പെടുത്തിയിട്ടില്ല മസ്റ്റർറോൾ നമ്പർ 1042 ന് വേജ് ലിസ്റ്റ് ഉണ്ടായിരുന്നു . വേജ് ലിസ്റ്റ് വേതനവും എം ബുക്കും തുല്യമാണ്. മസ്റ്റർറോൾ നമ്പർ 1132 ന് വേജ് ലിസ്റ്റ് ഉണ്ടായിരുന്നില്ല .
- 2 മസ്റ്റർറോളുകളിലും തിരുത്തലുകൾ ഉണ്ടായിരുന്നു .
- FTO ഉണ്ടായിരുന്നില്ല .
- തോടരികുകൾ മണ്ണിടിഞ്ഞതായും എന്നിരുന്നാലും നല്ല നീരൊഴുക്കുള്ളതായും കാണാൻ സാധിച്ചു.
- തോടിന്റെ അരികുകൾ കൊള്ളിത്തറികൾകൊണ്ട് ജൈവേലി കെട്ടി സംരക്ഷിച്ചിരുന്നുവെന്ന് തൊഴിലാളികളിൽ നിന്നും അറിയാൻ സാധിച്ചു . എന്നാൽ ഇപ്പോൾ അവിടെ കാണാൻ സാധിച്ചില്ല .
- അളക്കാൻ സാധിച്ച സ്ഥലത്തെ തോടിൻറെ വീതി 3.25 മീറ്റർ ആണ്. തോടിൻറെ ഇരു വശങ്ങളിലും പുല്ലും കാടും പിടിച്ചു കിടക്കുന്നതിനാൽ നീളം അളക്കാനായി സാധിച്ചില്ല.
- CIB പ്രവൃത്തി സ്ഥലത്ത് വെച്ചിരുന്നു എന്ന് തൊഴിലാളികളായ ചന്ദ്ര,അമ്മിണി എന്നിവരിൽ നിന്നും അറിയാൻ സാധിച്ചു.എന്നാൽ പ്രവൃത്തി സ്ഥലത്ത് കാണാനായി സാധിച്ചില്ല.

**3. കപ്പാറത്തോട് പുനഃരുദ്ധാരണം ,സംരക്ഷണം ( 1607010001/WH / 324769 )**

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 128500/- രൂപയും 446 തൊഴിൽദിനങ്ങളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്
- എം ബുക്ക് പ്രകാരം ചിലവഴിച്ചിരിക്കുന്നത് 86112 /-രൂപയും 312 തൊഴിൽദിനങ്ങളുമാണ്.
- മൂന്ന് മാസ്റ്റർറോളുകൾക്കും വേജ് ലിസ്റ്റ് ഉണ്ടായിരുന്നു. വേതനം തുല്യമായിരുന്നു .
- FTO ഉണ്ടായിരുന്നില്ല .
- തോടരികുകൾ മണ്ണിടിഞ്ഞതായും എന്നിരുന്നാലും നല്ല നീരൊഴുക്കുള്ളതായും കാണാൻ സാധിച്ചു.
- അളക്കാൻ സാധിച്ച സ്ഥലത്തെ തോടിൻറെ വീതി 3.25 മീറ്റർ ആണ്. തോടിൻറെ ഇരു വശങ്ങളിലും പുല്ലും കാടും പിടിച്ചു കിടക്കുന്നതിനാൽ നീളം അളക്കാനായി സാധിച്ചില്ല.
- CIB പ്രവൃത്തി സ്ഥലത്ത് കാണാൻ സാധിച്ചില്ല.

**4. പണ്ടാറക്കാട് പ്രദേശത്ത് ഗവ.ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവർത്തികൾ 3 (1607010001/ IF / 347695 )**

മിനി ബാബു (10/222)

27/ 11/ 2018 to 12/ 3/ 2019

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 24390/- രൂപയും 90 തൊഴിൽദിനങ്ങളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് .
- എം ബുക്ക് പ്രകാരം ചിലവഴിച്ചിരിക്കുന്നത് 20596/-രൂപയും 76 തൊഴിൽദിനങ്ങളുമാണ്.
- ആറ് മാസ്റ്റർറോളുകൾ ഉണ്ടായിരുന്നു . അതിൽ 5 മാസ്റ്റർറോളുകൾക്കും വേജ് ലിസ്റ്റ് ഉണ്ടായിരുന്നു. വേതനം തുല്യമായിരുന്നു .
- മസ്റ്റർ റോൾ നമ്പർ 3040 നെ വേജ് ലിസ്റ്റ് ഉണ്ടായിരുന്നില്ല.
- മിസ്റ്റർ റോൾ നമ്പർ 2843 ഇൽ കാർഡ് ഉടമയുടെ ഒപ്പ് ഉണ്ടായിരിക്കേണ്ടതാണ് എന്നാൽ അത് കാണാനായി സാധിച്ചില്ല.
- വീടുപണി പൂർത്തിയാക്കിയതായി കാണാൻ സാധിച്ചു.
- താമസം ആരംഭിച്ചിട്ടുണ്ട്.

**5. പണ്ടാറക്കാട് പ്രദേശത്ത് ഗവ.ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവർത്തികൾ 4 (1607010001/IF/347685)**

ജീജ സദാനന്ദൻ(11/221)

30/11/2018 to 26/03/2019

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 24390/- രൂപയും 90 തൊഴിൽദിനങ്ങളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് .
- എം ബുക്ക് പ്രകാരം ചിലവഴിച്ചിരിക്കുന്നത് 24390/-രൂപയും 90 തൊഴിൽദിനങ്ങളുമാണ്.
- ഈ പ്രവൃത്തിയിൽ ആകെ 7 മസ്റ്റർ റോളുകൾ ആണ് നൽകിയിരിക്കുന്നത്.അതിൽ ഉള്ള എല്ലാ മസ്റ്റർ റോളുകൾക്കും വേജ് ലിസ്റ്റ് ഉണ്ടായിരുന്നു.
- എല്ലാ മസ്റ്റർ റോളുകളിലും ഹാജർ രേഖപെടുത്തിയിട്ടുണ്ടെങ്കിലും കാർഡ് ഉടമയുടെ ഒപ്പ് രേഖപ്പെടുത്തേണ്ട കോളം പൂരിപ്പിച്ചതായി കാണാൻ സാധിച്ചില്ല.
- 7 മിസ്റ്റർ റോളുകൾ ഉണ്ടെങ്കിലും അതിൽ 4 എണ്ണത്തിന് മാത്രമാണ് മസ്റ്റർറോൾ മൂവ് മെൻറ് കാണാനായി സാധിച്ചത്.
- തൊഴിൽ കാർഡ് ലഭിച്ചിട്ടില്ല.
- വേതനം ലഭിച്ചിട്ടുണ്ട് എന്ന് തൊഴിലാളിയിൽ നിന്നും അറിയാൻ സാധിച്ചിട്ടുണ്ട്.
- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

**6. പണ്ടാറക്കാട് പ്രദേശത്ത് ഗവ. ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവർത്തികൾ 5 (1607010001/IF/347692)**

18/03/2019 to 29/03/2019

ഉഷ (10/52)

- ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 24390/- രൂപയും 90 തൊഴിൽദിനങ്ങളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് .
- എം ബുക്ക് പ്രകാരം ചിലവഴിച്ചിരിക്കുന്നത് 3252/-രൂപയും 12 തൊഴിൽദിനങ്ങളുമാണ്.

- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. താമസവും ആരംഭിച്ചു.
- വേതനം ലഭിച്ചതായി അറിയാൻ സാധിച്ചു.
- തൊഴിൽ കാർഡ് ഉണ്ടായിരുന്നു.

**കണ്ടെത്തലുകൾ**

- കപ്പാറ തോട് പുനഃരുദ്ധാരണം,സംരക്ഷണം എന്ന പ്രവൃത്തിയുടെ 1042,1132 എന്നീ മസ്റ്റർ റോളുകളിൽ തിരുത്തലുകൾ കാണാനിടയായി.
- എം.ബുക്കിൽ എഗ്രിമെന്റ് നമ്പർ കാണാനായി സാധിച്ചില്ല.
- എം.ബുക്ക് സെർട്ടിഫിയ ചെയ്യതിൽ സീൽ ഉഉണ്ടായിരുന്നില്ല.
- മെമ്മോറാണ്ടം ബിൽ 5 പ്രവൃത്തികളിൽ കാണാൻ സാധിച്ചു.എന്നാൽ സെക്രട്ടറിയുടെ സീൽ,ഒപ്പ് എന്നിവ ഉണ്ടായിരുന്നില്ല.
- CIB 6 പ്രവൃത്തികളിലും കാണാനായി സാധിച്ചില്ല.
- ഭവന നിർമ്മാണ പ്രവൃത്തികളിലെ എസ്റ്റിമേറ്റിൽ CIB യെ കുറിച്ച് പരാമർശിച്ചിട്ടില്ല.
- അടിസ്ഥാന സൗകര്യങ്ങളിലൊന്നായ കുടിവെള്ളം തൊഴിലാളികൾ തന്നെ കൊണ്ടുവരുന്നതായാണ് അറിയാൻ കഴിഞ്ഞത്.
- കയ്യുറ,കാലുറ,ടർപോളിൻ എന്നിവ ഉണ്ടായിരുന്നില്ല എന്ന് തൊഴിലാളികളിൽ നിന്നും അറിയാൻ സാധിച്ചു.
- പ്രഥമ ശുശ്രുഷ കിറ്റ് നിലവിൽ ഇല്ല എന്ന് അറിയാൻ സാധിച്ചു.
- തൊഴിൽ കാർഡ് പരിശോധനയിൽ തൊഴിൽ കാർഡ് കൃത്യമായി പൂരിപ്പിച്ചതായി കാണാൻ സാധിച്ചില്ല.
- മേറ്റുമാരുടെ 2 ദിവസത്തെ പരിശീലന ക്ലാസ് നടത്തിയെങ്കിലും തൊഴിൽ കാർഡ് പൂരിപ്പിക്കുന്നതിനെ കുറിച്ച് പറഞ്ഞു തന്നിരുന്നില്ല എന്ന് തൊഴിലാളിയായ പ്രീത തിലകൻ അറിയിച്ചു.
- ആറ് പ്രവൃത്തികളിലും സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല.അതിനാൽ തന്നെ തൊഴിലാളികളുടെ ചികിത്സ ചിലവ്,പ്രവൃത്തി സ്ഥലത്ത് അടിസ്ഥാന വിവരങ്ങൾ,പ്രൊജക്റ്റ് മീറ്റിംഗിനെ കുറിച്ചുള്ള വിവരങ്ങൾ, സന്ദർശക കുറിപ്പ് എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ അറിയാൻ കഴിഞ്ഞില്ല.
- വേതനം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായി തൊഴിലാളികൾ പറഞ്ഞു.

**നിർദ്ദേശങ്ങൾ**

- കൃത്യമായ ഇടവേളകളിൽ ബാങ്ക് പാസ്സ്ബുക്കിൽ ഇടപാട് വിവരങ്ങൾ രേഖപ്പെടുത്തുക .ഇതുവഴി വേതനം ലഭിച്ചുവോ / ഇല്ലയോ / വൈകിയോ വിവരങ്ങൾ തുടങ്ങിയ അറിയാൻ സാധിക്കും .

- മസ്റ്റർ റോൾ ,എം.ബുക്ക്,തൊഴിൽ കാർഡ് എന്നിവയിൽ തിരുത്തലുകൾ പാടില്ല.
- പ്രാഥമിക ശുസ്രൂക്ഷ സാമഗ്രികൾ നിർബന്ധമായും കൈവശം വെക്കുക .
- സ്വയം രക്ഷാ സഹായ സാമഗ്രികളായ കയ്യുറ, കാലുറ എന്നിവ തീർച്ചയായും നൽകുക .
- തൊഴിലാളികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം
- എം.ബുക്ക് എഴുതുന്നത് എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിയുടെ ഓരോ ഘട്ടങ്ങളും ഭാഗം തിരിച്ച് മസ്റ്റർറോൾ നമ്പർ ,മസ്റ്റർറോൾ കാലാവധി, ആകെ തൊഴിൽ ദിനങ്ങൾ ,ആകെ വേതനം എന്നിവ ഉൾപ്പെടുത്തി വ്യക്തതയോടെ എഴുതണം .
- തൊഴിൽ കാർഡ് കൃത്യമായി പൂരിപ്പിക്കണം
- തൊഴിലാളികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം
- തൊഴിലാളികളുടെ കൈവശം നിർബന്ധമായും തൊഴിൽകാർഡ് ഉണ്ടായിരിക്കണം .

**ഗ്രാമസഭ തീരുമാനങ്ങൾ**

1. പ്രഥമ ശുശ്രൂഷ സാമഗ്രികൾ തൊഴിലാളികൾ തന്നെ പണമെടുത്ത് വാങ്ങുകയും ശേഷം ബില്ലുകൾ പഞ്ചായത്തിൽ സമ്മർപ്പിച്ച് തുക കൈപ്പറ്റുകയും ചെയ്യാമെന്ന് തീരുമാനമായി
2. തൊഴിൽ ലഭിക്കുന്നതിനുള്ള ഡിമാൻഡ് ഫോം പഞ്ചായത്തിലെ ഫ്രന്റ് ഓഫീസിൽ വഴിയായി നൽകുവാൻ തീരുമാനിച്ചു.
3. ഡിമാൻഡ് ഫോം നൽകിയാൽ അതിനു കൈപറ്റു രസീതി വാങ്ങുവാൻ തീരുമാനമായി.
4. കയ്യുറ ,കാലുറ ടർപോളിൻ എന്നിവ ടെൻഡർ വിളിച്ച് പഞ്ചായത്തിൽ നിന്നും കൊടുക്കാം എന്നും ഓവർ സീർ അറിയിച്ചു
5. തൊഴിൽ കാർഡു കൃത്യമായി തെറ്റില്ലാതെ പൂരിപ്പിക്കാൻ മാറ്റുമാർക്ക് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കാം.
6. തൊഴിലാളികൾക്ക് തൊഴിൽ സ്ഥലത്ത് വെച്ചുണ്ടാകുന്ന അപകടങ്ങൾക്കു ചിലവാക്കിയ തുകയുടെ ബിൽ പഞ്ചായത്തിൽ ഏൽപ്പിച്ചാൽ എത്രയും പെട്ടന്ന് ചിലവായ തുക ലഭ്യമാക്കണം.
7. തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളും അർഹതകളും അവരെ ബോധ്യപെടുത്തുന്നതിനും പദ്ധതികൾ പരിഹരിക്കുന്നതിനും തൊഴിൽ ആവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും ആയി റോസ്കാർ ദിനം സംഘടിപ്പിക്കാം എന്നും തീരുമാനമായി.
8. മസ്റ്റർ റോളുകളിൽ രാവിലെ പണിക്കിറങ്ങുന്നതിനു മുൻപായി ഒപ്പ് ഇടണം എന്ന് തീരുമാനം ആയി.

# മിനിറ്റ്സ്

എളവള്ളി ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വാർഡ് 10 ലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 15/11/2019 വെള്ളിയാഴ്ച രാവിലെ 11.10 നെ ശ്രീമതി നളിനി ജയൻ വസതിയിൽ വെച്ചു നടന്നു. മൗനപ്രാർത്ഥനയോടെ ഗ്രാമസഭ ആരംഭിച്ചു. VRP ജിഷ തൊഴിലാളികളിൽ നിന്ന് ശ്രീമതി ജോളിയെ അധ്യക്ഷയായി സ്വാഗതം ചെയ്തു.അതിനുശേഷം ഭരണഘടന പ്രതിജ്ഞ VRP ഷനുജ ചൊല്ലിക്കൊടുത്തു. മെമ്പർ സ്വാഗതം പറഞ്ഞു.പിന്നീട് വിഷയാവതരണത്തിന് അധ്യക്ഷ VRP രേഷ്മയെ ക്ഷണിച്ചു. സോഷ്യൽ ഓഡിറ്റിനെകുറിച്ചും അനുബന്ധ വിവരങ്ങളെക്കുറിച്ചും വിഷയാവതരണം നടത്തി.അതിനുശേഷം VRP നിതിൻ തൊഴിലാളികളുടെ 10 അവകാശങ്ങളെ പറ്റി തൊഴിലാളികൾക്ക് പറഞ്ഞുകൊടുത്തു. അതെല്ലാം അവർക്ക് കിട്ടുന്നുണ്ടോയെന്നും പരിശോദിച്ചു. പത്തവകാശങ്ങൾ പറയുന്നതിനിടയിൽ നിലവിൽ തൊഴിൽ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ പോയി ആവശ്യപെടുന്ന രീതി ഇല്ല എന്നും പഞ്ചായത്തിൽ നിന്നും പറയുന്നതനുസരിച്ചാണ് പണിക്കു വരുന്നതെന്നും തൊഴിലാളികൾ അറിയിച്ചു.2 ആഴ്ച്ച ആയി പണി ഉണ്ടായിട്ടു എന്നും തൊഴിലാളികൾ അറിയിച്ചു.ഇതിനു മറുപടിയായി ചൊവ്വാഴ്ചക്കു മസ്റ്റർ റോൾ അടിച്ചു നൽകാമെന്ന് ഓവർസിയർ അറിയിച്ചു. സുരക്ഷാ സാമഗ്രികളെ കുറിച്ച് VRP നിതിൻ പരാമർശിച്ചപ്പോൾ മാറ്റ് റോസി പ്രവൃത്തി നടക്കുന്നതിനിടയിൽ കൈയുറ, കാലുറ, ടാർപ്പായ,എന്നിവ ഉണ്ടായിരുന്നില്ല എന്നും പ്രഥമ ശുശ്രൂഷ കിറ്റ് ഇല്ല എന്നും പറഞ്ഞു.എന്നാൽ മുൻപ് PHC കിട്ടിയ മരുന്നുകൾ ഉണ്ടെന്ന് തൊഴിലാളിയായ ചന്ദ്ര അറിയിച്ചു.പക്ഷെ അതെല്ലാം ഉപയോഗപ്രദമല്ലെന്ന് മാറ്റ് മറുപടിയായി പറഞ്ഞു. അതിനോടൊപ്പം കപ്പാറത്തോട് പുനഃരുദ്ധാരണം എന്ന പ്രവൃത്തി നടക്കുനത്തിനിടയിൽ പ്രേമ,അമ്മിണി എന്ന തൊഴിലാളികൾക്ക് അപകടങ്ങൾ സംഭവിച്ചിട്ടുണ്ട് അറിയിച്ചു.ഇതിനു മറുപടിയായി പഞ്ചായത്ത് ഓവർ സിയർ രാഹുൽ ഭാസി പ്രവൃത്തി സ്ഥലത്ത് അപകടങ്ങൾ ഉണ്ടായാൽ എന്ത് ചെയ്യണമെന്നു തൊഴിലാളികൾക്ക് മനസിലാക്കി കൊടുത്തു.ഇങ്ങനെ ചെയ്യുന്നതിലൂടെ ചികിത്സക്ക് വേണ്ടി ചിലവാക്കിയ തുക പഞ്ചായത്തിൽ നിന്നും ലഭിക്കും എന്ന് VRP നിതിൻ വിശദമാക്കി.ശേഷം VRP ഷനുജ CIB എന്താണ് എന്നും അതിൻ്റെ പ്രാധാന്യത്ത കുറിച്ചും പറയുന്നതിനിടയിൽ പ്രവൃത്തി സ്ഥലങ്ങളിൽ CIB വെച്ചിട്ടുണ്ടോ എന്ന് ചോദിച്ചു.അതിനു മറുപടിയായി കപ്പാറ തോട് പുനഃരുദ്ധാരണം എന്ന പ്രവൃത്തിക്ക് വെച്ചിരുന്നു എന്നും എന്നാൽ വെള്ളപ്പൊക്കത്തിൽ ഒലിച്ചു പോയി എന്നും തൊഴിലാളിയായ ചന്ദ്ര പറഞ്ഞു.എന്നാൽ മറ്റു പ്രവൃത്തികൾക്ക് CIB വെച്ചിട്ടില്ല എന്നും പറഞ്ഞു.CIB ക്കു ഡിമാൻഡ് ഇഷ്യൂ കാരണമാണ് വെക്കാൻ സാധിച്ചില്ല എന്ന് ഓവർ സിയർ അറിയിച്ചു. തുടർന്ന് റോസ്ക്കാർ ദിനത്തെ കുറിച്ചും ഷനുജ പറഞ്ഞു കൊടുത്തു.മാസത്തിൽ ഒരിക്കൽ അത് നടത്താൻ ശ്രമിക്കാം എന്ന് ഓവർ സിയർ അറിയിച്ചു. തുടർന്ന് 11.45 VRP ജിഷ പരിശോധനക്ക് വിധേയമാക്കിയ 6 പ്രവൃത്തികളുടെ റിപ്പോർട്ട് അവതരിപ്പിച്ചു.മസ്റ്റർ റോള്ളുകളിൽ തിരുത്തലുകൾ കണ്ടതായി അറിയിച്ചപ്പോൾ ഇനി തിരുത്തലുകൾ വരാതെ സൂക്ഷികാം എന്ന് തൊഴിലാളികൾ പറഞ്ഞു.റിപ്പോർട്ട് അവതരണത്തിലെ കണ്ടെത്തലുകൾ നിർദ്ദേശങ്ങൾ എന്നിവ VRP ഷനുജ അവതരിപ്പിച്ചു.അതിനു ശേഷം തൊഴിലാളികളുമായി ചർച്ച നടത്തി.എം.ബുക്ക്

,എസ്റ്റിമേറ്റ്,മസ്റ്റർ റോൾ എന്നിവയെ  കുറിച് BRP മരിയ തൊഴിലാളികൾക്ക് പരിചയപ്പെടുത്തി കൊടുത്തു . പ്രഥമ ശുശ്രുഷ കിറ്റ് ഇല്ലാത്തതിന് പരിഹാരമായി പ്രഥമ ശുശ്രുഷ കിറ്റ് PHC യിൽ നിന്നും ലഭിക്കുമെന്നും അഥവാ  ലഭിച്ചില്ലെകിൽ മരുന്നുകൾ വാങ്ങിയ ബില്ല് പഞ്ചായത്തിൽ ഏൽപ്പിച്ചാൽ ചിലവാക്കിയ തുക തിരിച്ച് നൽകാം എന്നും ഓവർ സിയർ അറിയിച്ചു . കൂടാതെ തൊഴിൽ കാർഡ് പൂരിപ്പിക്കുന്നതിൽ തൊഴിലാളികൾ സംശയം പ്രകടിപ്പിച്ചു ഇതിന് പരിഹാരമായി പഞ്ചായത്തിൽ മറ്റുമാർക്കായി ഒരു ക്ലാസ്സ് സംഘടിപ്പിക്കാം എന്നും അറിയിച്ചു. തൊഴിലാളിയായ ഉഷ തനിക്ക് തുടർന്ന് തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ചെയ്യാൻ സാധിക്കുമോ എന്ന് ചോദിച്ചു തുടർന്നും തൊഴിൽ ചെയ്യുന്നതിന് തടസ്സങ്ങൾ ഒന്നും ഇല്ല എന്ന് ഓവർ സീയർ അറിയിച്ചു പക്ഷെ തൊഴിലാളിയുടെ കൈയിൽ പഴയ തൊഴിൽ കാർഡ് ആണ് ഉള്ളത് പുതിയത് ലഭിക്കുന്നതിനായി പഞ്ചായത്തിൽ വരണം എന്നും പറഞ്ഞു . ഭവനം നിർമ്മാണം പൂർത്തീകരിച്ചിട്ടും വേതനം മുഴുവനായി ലഭിച്ചിട്ടില്ല എന്ന് ഉഷ പറഞ്ഞു.ഭവന നിർമ്മാണ പ്രവൃത്തിയിൽ മസ്റ്റർ റോളുകൾ ഒന്നിച്ചു പഞ്ചായത്തിൽ വന്നു ഒപ്പ് ഇടുന്ന രീതിയാണ് ഇപ്പോൾ നിലവിൽ ഉള്ളതെങ്കിലും  തുടർന്നു വരുന്ന പ്രവൃത്തികളിൽ മസ്റ്റർ റോളുകൾ തൊഴിലാളികളിൽ ഏല്പിക്കാം എന്ന് ഓവർ സിയർ പറഞ്ഞു. കിണറു പണിക്കു ചിലവഴിച്ച തുക മുഴുവനായി ലഭിച്ചിട്ടില്ല എന്ന് തൊഴിലാളിയായ സരോജിനി പറഞ്ഞപ്പോൾ മെറ്റീരിയലിൻറെ തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല അതിനാൽ ആണ് ആ തുക ലഭിക്കാതിരുന്നത് എന്ന് ഓവർ സിയർ അറിയിച്ചു.മിസ്റ്റർ റോളിൽ തൊഴിലാളികൾ എപ്പോഴാണ് ഒപ്പ് ഇടേണ്ടത് എന്ന് തൊഴിലാളികളായ പ്രീത തിലകൻ ചോദിച്ചതിനോടൊപ്പം തങ്ങൾ ഉച്ചക്കാണ് മിസ്റ്റർ റോളിൽ ഒപ്പ് ഇടുന്നത് എന്നും പറയുകയുണ്ടായി.മിസ്റ്റർ റോളുകളിൽ രാവിലെ പണിക്കിറങ്ങുമ്പോൾ തന്നെ ഒപ്പ് ഇടണം എന്ന് ഗ്രാമസഭയിൽ തീരുമാനം ആയി.ശേഷം അദ്യക്ഷ ജോളി റിപ്പോർട്ട് അംഗീകരിക്കുന്നുണ്ടോ എന്ന് തൊഴിലാളികളോട് ചോദിച്ചു.എല്ലാവരും റിപ്പോർട്ട് അംഗീകരിച്ചു കൈയടിച്ചു പാസ്സാക്കി.മേറ്റ് റോസി നന്ദി രേഖപ്പെടുത്തി.12.25 നെ ഗ്രാമസഭ പിരിഞ്ഞു.

**ഗ്രാമസഭ തീരുമാനങ്ങൾ**

1. പ്രഥമ ശുശ്രൂഷ സാമഗ്രികൾ തൊഴിലാളികൾ തന്നെ പണമെടുത്ത് വാങ്ങുകയും ശേഷം ബില്ലുകൾ പഞ്ചായത്തിൽ സമ്മർപ്പിച്ച് തുക കൈപ്പറ്റുകയും ചെയ്യാമെന്ന് തീരുമാനമായി
2. തൊഴിൽ ലഭിക്കുന്നതിനുള്ള ഡിമാൻഡ് ഫോം പഞ്ചായത്തിലെ ഫ്രന്റ് ഓഫീസിൽ വഴിയായി നൽകുവാൻ തീരുമാനിച്ചു.
3. ഡിമാൻഡ് ഫോം നൽകിയാൽ അതിനു കൈപറ്റു രസീതി വാങ്ങുവാൻ തീരുമാനമായി.
4. കയ്യുറ ,കാലുറ ടർപോളിൻ എന്നിവ ടെൻഡർ വിളിച്ച് പഞ്ചായത്തിൽ നിന്നും കൊടുക്കാം എന്നും ഓവർ സീർ അറിയിച്ചു
5. തൊഴിൽ കാർഡു കൃത്യമായി തെറ്റില്ലാതെ പൂരിപ്പിക്കാൻ മാറ്റുമാർക്ക് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കാം.

6. തൊഴിലാളികൾക്ക്  തൊഴിൽ സ്ഥലത്ത് വെച്ചുണ്ടാകുന്ന അപകടങ്ങൾക്കു ചിലവാക്കിയ തുകയുടെ ബിൽ പഞ്ചായത്തിൽ ഏൽപ്പിച്ചാൽ എത്രയും പെട്ടന്ന് ചിലവായ തുക ലഭ്യമാക്കണം.
7. തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളും അർഹതകളും അവരെ ബോധ്യപെടുത്തുന്നതിനും  പദ്ധതികൾ പരിഹരിക്കുന്നതിനും തൊഴിൽ ആവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും  ആയി റോസ്കാർ ദിനം സംഘടിപ്പിക്കാം എന്നും തീരുമാനമായി.
8. മസ്റ്റർ റോളുകളിൽ രാവിലെ പണിക്കിറങ്ങുന്നതിനു മുൻപായി ഒപ്പ് ഇടണം എന്ന് തീരുമാനം ആയി.